**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1634** **11-09-2023 - ൽ മറുപടിയ്ക്ക്**

**വളാഞ്ചേരി സബ് ട്രഷറി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി ഓഫീസ് നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് സർക്കാരിൽ നിന്നും ആവശ്യപ്പെട്ട അധിക വിവര റിപ്പോർട്ട് മലപ്പുറം കളക്ടേറ്റിൽ നിന്നും ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ലഭ്യമായിട്ടില്ല |
| (ബി) | പ്രസ്തുത റിപ്പോർട്ട് മലപ്പുറം കളക്ടറോട് സർക്കാർ ആവശ്യപ്പെട്ടത് എന്നാണെന്ന് വ്യക്തമാക്കുമോ; | (ബി) | മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലാന്റ് റവന്യൂ കമ്മീഷണർ മുഖാന്തിരം ലഭ്യമാക്കുന്നതിലേക്കായി 20.08.2022-ലെ എൽ1/83/2022/റവ നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. |
| (സി) | ട്രഷറി നിർമ്മാണത്തിന് ഭൂമി ലഭ്യമാക്കുന്നത് സംബന്ധിച്ച് മലപ്പുറം കളക്ടേറ്റ് നാളിതുവരെ സ്വീകരിച്ച നടപടികൾ ഫയൽ നമ്പർ സഹിതം വിശദമാക്കുമോ? | (സി) | വളാഞ്ചേരി സബ്ട്രഷറി നിർമ്മാണവുമായി ബന്ധപ്പെട്ട വിശദമായ പ്രപ്പോസൽ സഹിതമുള്ള റിപ്പോർട്ട് ലഭ്യമാക്കുവാൻ മലപ്പുറം ജില്ലാ കളക്ടറേറ്റിലെ DCMPM/12843/2022-B4 നമ്പർ ഫയൽ പ്രകാരം തിരൂർ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ റിപ്പോർട്ട് ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ